നവസ്വപി വർഷേഷു ഭഗവാന്നാരായണോ മഹാപുരുഷ: പുരുഷാണാം
തദനുഗ്രഹായാത്മതത്ത്വവ്യൂഹേനാത്മനാദ്യാപി സംനിധീയതേ (5-17-14)
ഓംനമോ ഭഗവതേ മഹാപുരുഷായ സർവഗുണ
സംഖ്യാനായാനന്തായാവ്യക്തായ നമ ഇതി (5-17-17)

ശുകമുനി തുടർന്നു: ത്രിവിക്രമനായ ഭഗവാൻ വിഷ്ണു വലതുകാൽകൊണ്ട് ഭൂമി മുഴുവൻ അളന്ന ശേഷം സ്വർഗ്ഗമളക്കാൻ തന്റെ ഇടതുകാൽ ഉയർത്തവേ തന്റെ തളളവിരൽ കൊണ്ട് ദിവ്യാകാശത്തിൽ ഒരു തുളയുണ്ടാക്കി. ഇതിൽ നിന്നും നിർഗ്ഗമിക്കുന്ന അരുവി (വിശ്വപ്രകാശകിരണങ്ങൾ) ഭഗവതപദീ എന്ന പേരിലറിയപ്പെടുന്നു. ഭഗവാന്റെ താമരപ്പാദങ്ങളുടെ സ്പർശനം കൊണ്ട് ധന്യമാണല്ലോ അത്. ധ്രുവനക്ഷത്രം ഈ കിരണങ്ങളെ തന്റെ തലയിലേറ്റുന്നു. പിന്നീട് ധ്രുവനെ ചുറ്റുന്ന സപ്തർഷികളും ഈ പുണ്യകിരണങ്ങളെ കൈകൊളളുന്നു. വീണ്ടും താഴേക്കിറങ്ങിവന്ന്, സൂര്യപഥത്തിനേയും ചന്ദ്രപഥത്തിനേയും തഴുകി, മേരുപർവ്വത മുകളിലുളള ബ്രഹ്മനഗരത്തിലെത്തുന്നു. അവിടെനിന്നും നാലായി പിരിഞ്ഞ് നാലുദിക്കുകളിലേക്ക് പ്രവഹിക്കുന്നു. സീത കിഴക്കോട്ടും, ചക്ഷു പടിഞ്ഞാട്ടും, ഭദ്ര വടക്കോട്ടും, അളകനന്ദ തെക്കോട്ടും ഒഴുകുന്നു. അളകനന്ദ ഹിമാലയസാനുക്കൾ വഴിയൊഴുകി തെക്ക് കടലിൽ ചെന്നു ചേരുന്നു. ഈ നദിയിൽ മുങ്ങുന്നവർക്ക് വൈദീക പൂജാദികൾ കൊണ്ടുളള ഫലം ലഭിക്കുന്നു.

ഈ ഭൂഖണ്ഡങ്ങളിൽ, ഭാരതവർഷത്തിൽ ജീവിക്കുന്നതു കൊണ്ടു മാത്രമേ മനുഷ്യന് അവന്റെ ഭാഗധേയം നിയന്ത്രിക്കാൻ സാധിക്കുകയുളളൂ. മറ്റ് എട്ട് ഭൂഖണ്ഡങ്ങളിലും ആത്മാക്കൾ പോയി പൂർവ്വജന്മാർജ്ജിത പുണ്യങ്ങൾ അനുഭവിച്ചു തീർക്കുന്നു. അവിടങ്ങളിൽ ജനങ്ങൾക്ക് ദീർഘായുസും, ആരോഗ്യവും, യുവത്വവും, അസാധാരണമായ ലൈംഗീകശക്തിയും ഉണ്ട്. ഇതൊക്കെയാണെങ്കിലും സ്ത്രീകൾ ഒരുതവണ മാത്രമേ പ്രസവിക്കുന്നുളളൂ. അതും കുട്ടികളുണ്ടാവുന്ന പ്രായം തീരാറാവുമ്പോൾ മാത്രം. എന്നാൽ ഇവിടെയാണെങ്കിൽ മഹർഷിമാരുടേയും പുണ്യപുരുഷന്മാരുടേയും പർണ്ണശാലകൾ പ്രശാന്തതയോടെ നിലകൊളളുന്നു. ഭഗവാൻ നാരായണൻ, ഇപ്പോഴും ഈ ഒൻപതുഭൂഖണ്ഡങ്ങളിലും മനുഷ്യരെ രക്ഷിക്കാനായി അവതരിച്ചു കൊണ്ടേയിരിക്കുന്നു.

ഇലവ്രതയിൽ ഭഗവാൻ പരമശിവൻ മാത്രമേ പുരുഷനായുളളൂ. ബാക്കി എല്ലാവരും ഒരു ശാപത്താൽ സ്ത്രീകളായി തീർന്നിരിക്കുന്നു. പരമശിവൻ, പരംപൊരുളായി ഭഗവാനെ സംകർഷണൻ എന്നറിയപ്പെടുന്ന അവിടുത്തെ ഇങ്ങിനെ സ്തുതിച്ചു വാഴ്ത്തുന്നു.

“ഭഗവൻ, അങ്ങ് വാഴ്ത്തപ്പെടേണ്ട എല്ലാ സദ്ഗുണങ്ങളുടേയും ഇരിപ്പിടമത്രേ. അങ്ങയുടെ ഭക്തരിൽ അവിടുത്തെ ദർശനമുണ്ടാകുന്നതോടെ പുനർജന്മചക്രത്തിൽ നിന്നവർക്ക് മോചനമുണ്ടാവുന്നു. മനസ്സിന്റെ പ്രവർത്തനങ്ങളാലോ ലൗകീകവസ്തുക്കളാലോ അവിടുത്തെ ദൃശ്യം കളങ്കപ്പെടുന്നില്ല. എങ്കിലും ഇതിന്റെയെല്ലാം നിയന്താവെന്ന നിലയിൽ അവിടുന്നെല്ലാമറിയുന്നു. അതുകൊണ്ട് ആത്മനിയന്ത്രണം ആഗ്രഹിക്കുന്നവരേവരും അവിടുത്തെ ആരാധിക്കുന്നു. അവിടുന്ന് ലോക പരിപാലനം നടത്തുക വഴി മറ്റുളളവരും അവിടുത്തെ ഭക്തരായിത്തീരുന്നു. എങ്കിലും അവിടുന്ന് സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ക്കതീതനാണെന്നറിയുന്നു. അങ്ങയുടെ ആദ്യസന്തതി മഹത്തത്വമാണല്ലോ. അത് ബ്രഹ്മാവെന്നറിയപ്പെടുന്നു. ആ ബ്രഹ്മാവിന്റെ പുത്രനാണ് ഞാൻ. ഞങ്ങൾ ദേവതകൾ അവിടത്തെ ഇച്ഛക്കൊത്ത് അങ്ങയുടെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ നടത്തുന്നത്. അങ്ങാണ് ഞങ്ങളെ ഒന്നിപ്പിക്കുന്നതും. അങ്ങേക്കു നമോവാകം, നമസ്കാരം. ”